ഉത്തരം

(എ) നിയന്ത്രണങ്ങൾ ഒന്നും നിലവിലില്ല.

(ബി) 16-6-2014-ൽ കോട്ടൺഹിൽ ഗവണ്മെന്റ് ഗേൾസ് എച്ച്.എസ്.എസ്-ൽ ഡിസ്ട്രിക്ട് സെന്റർ മോഡൽ ഇംഗ്ലീഷിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ഇംഗ്ലീഷ് ക്ലബുകളുടെ ഉദ്ഘാടനവും അവാർഡ് ദാന ചടങ്ങും ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി നിർവ്വഹിക്കുന്ന ചടങ്ങായിരുന്നു. പ്രസ്തുത ചടങ്ങിൽ ഒരു മാതൃകാ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മേധാവിയുടെ എന്ന നിലയിൽ പ്രവർത്തിക്കാതെ പെരുമാറ്റച്ചട്ടം ലംഘിച്ചതിനാണ് പ്രധാനാദ്ധ്യാപികയെ സ്ഥലം മാറ്റുകയും അതോടൊപ്പംതന്നെ ഇത്തരത്തിലുള്ള നടപടിയിന്മേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് മെമ്മോ നൽകുകയും ചെയ്തത്.

(സി) 16-6-2014-ൽ കോട്ടൺഹിൽ ഗവണ്മെന്റ് ഗേൾസ് എച്ച്.എസ്.എസ്. -ൽ വച്ച് നടന്ന ബഹുമാനപ്പെട്ട കേരള വിദ്യാഭ്യാസ മന്ത്രി നിർവ്വഹിച്ച ഡിസ്ട്രിക്ട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് ക്ലബിന്റെ ആഭിമുഖ്യത്തിൽ നടന്ന അവാർഡ് ദാന ചടങ്ങിൽ ഒരു മാതൃകാ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മേധാവിക്ക് നിരക്കാത്ത നിലയിൽ പ്രവർത്തിച്ചു എന്നതാണ് പ്രധാനാദ്ധ്യാപികയ്ക്കെതിരെ ആരോപിക്കപ്പെട്ട കുറ്റം. ഇതിന്മേൽ കുറ്റാരോപണ മെമ്മോ നൽകി വിശദീകരണം ആവശ്യപ്പെട്ടിരുന്നു. വിശദീകരണം നൽകുന്നതിന് 15 ദിവസത്തെ സമയം അനുവദിച്ചിരുന്നു. സ്ഥലം മാറ്റുന്നതിനൊപ്പം വിശദീകരണം തേടുന്നതിനും തീരുമാനിക്കുകയായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ വിജിലൻസ് വിഭാഗത്തിൽനിന്ന് കുറ്റാരോപണ മെമ്മോ നൽകുകയും അഡ്മിനിസ്ട്രേറ്റീവ് വിഭാഗത്തിൽ നിന്ന് സ്ഥലംമാറ്റ ഉത്തരവും നൽകിയിരുന്നു.

(ഡി) ഇല്ല.

അദ്ധ്യാപക സമരംമൂലം അദ്ധ്യയന ദിവസങ്ങൾ നഷ്ടപ്പെടൽ

50 (7015) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സ്വയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം അദ്ധ്യാപക-അനദ്ധ്യാപക സമരംമൂലം എത്ര അദ്ധ്യയനദിവസങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഏതൊക്കെല്ലാം സർവ്വീസ് സംഘടനകളാണ് പ്രസ്തുത സമരങ്ങൾക്ക് നേതൃത്വം നൽകിയതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

886/15

LIBRARY ARCHIVES Kerala Legislative Assembly